**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1465** **19-09-2025 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് നിർബന്ധമാക്കുന്ന സുപ്രീം കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ- ടെറ്റ് പരീക്ഷ നിയമം നടപ്പിലാക്കിയത് ഏതെല്ലാം ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കാണെന്ന് വ്യക്തമാക്കുമോ; | (എ) | പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലം വരെ. |
| (ബി) | 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കിയ വർഷം ഏതാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2011 |
| (സി) | കേരളത്തിലെ ഹൈസ്കൂൾ അധ്യാപകർ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ വരുമോയെന്ന് വ്യക്തമാക്കുമോ; | (സി) | കേരളത്തിലെ ഹൈസ്കൂൾ അധ്യാപകർ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ വരും. |
| (ഡി) | വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന് മുമ്പ് സംസ്ഥാനത്ത് നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധമാക്കിയിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇല്ല . 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരവും 2010-ലെ എൻ.സി.റ്റി.ഇ. മാനദണ്ഡ പ്രകാരവും 2011 -ലാണ് കേരളം വിദ്യാഭ്യാസ അവകാശനിയമം പുറപ്പെടുവിച്ചതും കെ-ടെറ്റ് നിർബന്ധമാക്കിയതും. |
| (ഇ) | കെ-ടെറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സുപ്രിം കോടതിയിൽ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ) | നിയമോപദേശം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ